**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2200** **12-02-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സിവിൽ സർവ്വീസിലുള്ള അഴിമതി കേസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതി ഇല്ലാതാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | അഴിമതിയും കൈക്കൂലിയും പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/ സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം / വിജിലൻസ് അന്വേഷണം / മിന്നൽ പരിശോധന / ട്രാപ്പുകൾ എന്നിവ നടത്തുകയും, തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും മറ്റുള്ളവയിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൈക്കൂലി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതിയുടെ/വിവരങ്ങളുടെ അടിസ്ഥാനത്തിൽ ട്രാപ്പ് നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നടപടിയെടുക്കുന്നു. സർക്കാർ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ലഭിക്കുന്ന വിവരങ്ങളിൽ നിന്നും സോഴ്സ് റിപ്പോർട്ട് തയ്യാറാക്കി ഇത്തരം ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തി തുടർനടപടികൾ സ്വീകരിച്ചും വരുന്നു. സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. സർക്കാർ ഫണ്ടുകൾ തിരിമറി നടത്തുന്നതുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത വകുപ്പിന്റെ ആഭ്യന്തര-വിജിലൻസ് സംവിധാനം ഉപയോഗിച്ച് പ്രാഥമികാന്വേഷണം നടത്തുകയും ആരോപണം ശരിയാണെന്ന് തെളിയുന്ന അവസരങ്ങളിൽ ആയത് വിജിലൻസ് അന്വേഷിക്കേണ്ടതാണെങ്കിൽ അന്വേഷണം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ |

| | | | |
|---|---|---|---|
| | | | ബ്യൂറോക്ക് കൈമാറി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര അഴിമതി കേസുകളാണ് സംസ്ഥാന വിജിലൻസ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിൽ ഏതെല്ലാം വകുപ്പുകളിലെ ഉദ്യോഗസ്ഥരാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 427 അഴിമതി കേസുകളാണ് സംസ്ഥാന വിജിലൻസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. വകുപ്പ് തിരിച്ചുള്ള കേസുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം രജിസ്റ്റർ ചെയ്ത അഴിമതി കേസുകൾ സംബന്ധിച്ച വകുപ്പുതിരിച്ചുള്ള പട്ടിക | |
|---|---|
| **വകുപ്പ്** | **കേസുകളുടെ എണ്ണം** |
| കൃഷി വകുപ്പ് | 9 |
| മൃഗസംരക്ഷണം | 3 |
| ഡയറി ഡവലപ്പ്മെന്റ് വകുപ്പ് | 5 |
| ആയുഷ് വകുപ്പ് | 2 |
| കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ | 3 |
| സെൻട്രൽ ടാക്സ് ആന്റ് സെൻട്രൽ എക്സൈസ് | 1 |
| ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് | 3 |
| വിദ്യാഭ്യാസ വകുപ്പ് | 10 |
| ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 1 |
| എക്സൈസ് വകുപ്പ് | 4 |
| വനം വകുപ്പ് | 8 |
| ജി.സി.ഡി.എ | 1 |
| ജിയോളജി വകുപ്പ് | 3 |
| ചരക്ക് സേവന നികുതി വകുപ്പ് | 2 |
| ആരോഗ്യ വകുപ്പ് | 19 |
| ഉൾനാടൻ ജലഗതാഗതം | 1 |
| ജലസേചന വകുപ്പ് | 4 |
| ജയിൽ വകുപ്പ് | 1 |
| കോളേജ് വിദ്യാഭ്യാസ വകുപ്പ് | 1 |
| കെ.എഫ്.സി | 1 |
| കേരളാ ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ് | 1 |

| | |
|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 3 |
| കെ.എസ്.എഫ്.ഇ | 1 |
| കേരള സംസ്ഥാന ഹൗസിങ് ബോർഡ് | 1 |
| കെ.എസ്.ആർ.ടി.സി. | 2 |
| കെ.എസ്.ഐ.ഇ | 1 |
| വാട്ടർ അതോറിറ്റി | 5 |
| തൊഴിൽ വകുപ്പ് | 1 |
| റവന്യൂ വകുപ്പ് | 76 |
| ലീഗൽ മെട്രോളജി വകുപ്പ് | 3 |
| ലോട്ടറി വകുപ്പ് | 1 |
| തദ്ദേശ സ്വയംഭരണ വകുപ്പ് | 95 |
| ഫിഷറീസ് വകുപ്പ് | 1 |
| മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | 1 |
| മോട്ടോർ വെഹിക്കിൾ വകുപ്പ് | 16 |
| മലിനീകരണനിയന്ത്രണബോർഡ് | 5 |
| പബ്ലിക് റിലേഷൻ വകുപ്പ് | 1 |
| പൊതുമരാമത്ത് വകുപ്പ് | 19 |
| രജിസ്ട്രേഷൻ വകുപ്പ് | 11 |
| ഗ്രാമവികസന വകുപ്പ് | 3 |
| പട്ടികജാതി വികസന വകുപ്പ് | 11 |
| സെക്രട്ടേറിയറ്റ് –പൊതുഭരണം | 1 |
| കേരളാ ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ | 1 |
| സപ്ലൈകോ | 7 |
| സർവ്വേ വകുപ്പ് | 4 |
| കേരള വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ | 2 |
| ട്രഷറി വകുപ്പ് | 2 |

| | |
|---|---|
| ടൂറിസം വകുപ്പ് | 3 |
| ദേവസ്വം ബോർഡ് | 7 |
| സഹകരണ വകുപ്പ് | 37 |
| ആഭ്യന്തര വകുപ്പ് | 22 |
| സി.ഐ.എസ്.എഫ് (ഡെപ്യൂട്ടേഷൻ)– സിവിൽ ഏവിയേഷൻ, കരിപ്പൂർ എയർപോർട്ട് | 1 |
| **ആകെ** | 427 |